പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4139 24.10.2016 ലെ മറുപടിക്ക്.

## 'ഫ്ലെക്സിബിലിറ്റി റേറ്റ്' സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| ഗൾഫ് രാജ്യങ്ങളിൽ നിന്നും തങ്ങളുടെ കുടുംബത്തോടൊപ്പം ഓണത്തിനും ക്രിസ്തുമസ്സിനും റംസാൻ പെരുന്നാളുകൾക്കും മറ്റും നാട്ടിലെത്താൻ ആഗ്രഹിക്കുന്ന മലയാളികളെ ചൂഷണം ചെയ്യുന്ന വിമാന കമ്പനികളുടെ 'ഫ്ലെക്സിബിലിറ്റി റേറ്റ്' സംവിധാനം നിയന്ത്രിക്കുവാൻ കേന്ദ്രസർക്കാരിന്റെ ഇടപെടലിനായി സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുമോ ? | ഇക്കാര്യം പരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാനയാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937 ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാന കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാനയാത്രാ നിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കേന്ദ്രവ്യോമയാന മന്ത്രാലയവുമായും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലുമായും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിച്ചു വരുന്നുണ്ട്. |

Sheeja

സെക്ഷൻ ഓഫീസർ.